“CORRUPTION, A CRIME AGAINST NATION”

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 08.05.2025

# റോഡ് പണിയുടെ ബില്ല് മാറുന്നതിന് കൈക്കൂലി:- 3 പി.ഡബ്ല്യു.ഡി ഉദ്യോഗസ്ഥർ വിജിലൻസ് പിടിയിൽ.

“ഓപ്പറേഷൻ സ്പോട്ട് ട്രാപ്പ്”-ന്റെ ഭാഗമായി പാലക്കാട് വിജിലൻസ് യൂണിറ്റ് ഒരുക്കിയ കെണിയിൽ പാലക്കാട് പി.ഡബ്ല്യു.ഡി റോഡ്സ് ഡിവിഷൻ ഓഫീസിലെ ഡിവിഷണൽ അക്കൗണ്ടന്റ് സാലുദ്ദീൻ, ജൂനിയർ സൂപ്രണ്ട് രമണി, പി.ഡബ്ല്യു.ഡി ക്വാളിറ്റി കണ്ട്രോൾ ലാബിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശശിധരൻ എന്നിവർ 2,000/- രൂപ വീതം കൈക്കൂലി വാങ്ങവേ പാലക്കാട് വിജിലൻസ് ഇന്ന് (08/05/2025) പിടികൂടി.

പാലക്കാട് എലവഞ്ചേരി സ്വദേശിയും പി.ഡബ്ല്യു.ഡി എ-ക്ലാസ്സ് കോൺട്രാക്ടറുടെ സൂപ്പർവൈസറുമായ പരാതിക്കാരൻ, പണി പൂർത്തിയാക്കിയ റോഡുകളുടെ ബില്ലുകൾ പാസ്സായി ലഭിക്കാത്തതിനാൽ, കോൺട്രാക്ടറുടെ നിർദ്ദേശ പ്രകാരം ബില്ലുകളുടെ സ്റ്റാറ്റസ് അറിയുന്നതിനായി 30.04.2025 തീയതി പാലക്കാട് റോഡ്സ് ഡിവിഷൻ ഓഫീസിൽ എത്തി വിവരം തിരക്കിയിരുന്നു. പാലക്കാട് പി.ഡബ്ല്യു.ഡി റോഡ്സ് ഡിവിഷൻ ഓഫീസിലെ ഡിവിഷണൽ അക്കൗണ്ടന്റ് സാലുദ്ദീൻ, ജൂനിയർ സൂപ്രണ്ട് രമണി എന്നിവർ ബില്ലുകൾ പാസ്സാക്കി നൽകുന്നതിന് 2,000/- രൂപ വീതം കൈക്കൂലി ഡിവിഷണൽ ഓഫീസിൽ എത്തിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടു. അന്നേ ദിവസം തന്നെ പരാതിക്കാരൻ പി.ഡബ്ല്യു.ഡി ക്വാളിറ്റി കൺട്രോൾ ലാബിൽ പോയി റോഡ് വർക്കുകളുടെ ക്വാളിറ്റി കൺട്രോൾ സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ ശശിധരനെ കണ്ടപ്പോൾ, സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് 7,000/- രൂപ ആവശ്യപ്പെടുകയും പരാതിക്കാരന്റെ കൈവശം ഉണ്ടായിരുന്ന 5,000/- രൂപ വാങ്ങിയെടുത്ത ശേഷം 2,000/- രൂപ കൂടി കൈക്കൂലിയായി നൽകണമെന്ന് ആവശ്യപ്പെട്ടു. തുടർന്ന് പരാതിക്കാരൻ ഈ വിവരം പാലക്കാട് വിജിലൻസ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ അറിയിക്കുകയും, അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി നിരീക്ഷിച്ചു വരവേ ഇന്ന് (08/05/2025) വൈകി 03.00 മണിക്ക് പി.ഡബ്ല്യു.ഡി ക്വാളിറ്റി കൺട്രോൾ ലാബിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശശിധരനെ പരാതിക്കാരനിൽ നിന്നും 2,000/- രൂപ കൈക്കൂലി വാങ്ങവേ പാലക്കാട് വിക്ടോറിയ കോളേജിന് സമീപം സ്വന്തം കാറിൽ വച്ചും തുടർന്ന് പി.ഡബ്ല്യു.ഡി ഡിവിഷണൽ അക്കൗണ്ടന്റ് സാലുദ്ദീൻ, ജൂനിയർ സൂപ്രണ്ട് രമണി എന്നിവരെ പരാതിക്കാരനിൽ നിന്നും 2,000/- രൂപ വീതം കൈക്കൂലി വാങ്ങവേ പാലക്കാട് പി.ഡബ്ല്യു.ഡി റോഡ്സ് ഡിവിഷൻ ഓഫീസിൽ വച്ചും വിജിലൻസ് സംഘം കൈയ്യോടെ പിടികൂടുകയാണുണ്ടായത്. അറസ്റ്റ് ചെയ്ത പ്രതിയെ തൃശ്ശൂർ വിജിലൻസ് കോടതിയിൽ ഹാജരാക്കും.

ഓപ്പറേഷൻ സ്പോട്ട് ട്രാപ്പ്"-ന്റെ ഭാഗമായി 2025-ൽ ഇതുവരെ മാത്രം അഴിമതിക്കാരായ 43 പേരെ 30 ട്രാപ്പ് കേസുകളിലായി വിജിലൻസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. അറസ്റ്റ് ചെയ്തവരിൽ 16 പേർ റവന്യൂ ഉദ്യോഗസ്ഥരും, തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും 5 പേരും, പോലീസ് വകുപ്പിൽ നിന്നും 4 ഉദ്യോഗസ്ഥരും, പൊതുമരാമത്ത് വകുപ്പിൽ നിന്ന് 3 പേരും, വനം വകുപ്പിൽ നിന്ന് 2 പേരും, വാട്ടർ അതോറിറ്റി, മോട്ടോർ വാഹനം, രജിസ്ട്രേഷൻ എന്നീ വകുപ്പുകളിൽ നിന്നും ഓരോ ഉദ്യോഗസ്ഥർ വീതവും, ഒരാൾ കേന്ദ്ര പൊതു മേഖലാ സ്ഥാപനമായ ഇന്ത്യൻ ഓയിൽ കോർപ്പറേഷനിലെ ഡെപ്യൂട്ടി ജനറൽ മാനേജരും, ഒരാൾ പൊതുമേഖലാ ബാങ്കിലെ കൺകറണ്ട് ഓഡിറ്ററുമാണ്. ഇത് കൂടാതെ 4 ഏജന്റുമാരെയും, സർക്കാർ ഉദ്യോഗസ്ഥന് നൽകാനെന്ന വ്യാജേന കൈക്കൂലി വാങ്ങിയ 4 പേരെയും വിജിലൻസ് അറസ്റ്റ് ചെയ്യുകയുണ്ടായി.

സർക്കാർ ഓഫീസുകളിൽ കാര്യം സാധിച്ചു കൊടുക്കാമെന്ന് പറഞ്ഞോ സർക്കാർ ഉദ്യോഗസ്ഥർക്ക് കൊടുക്കാനെന്ന് പറഞ്ഞോ പൈസ വാങ്ങുന്നതും, ആവശ്യപ്പെടുന്നതും കൈക്കൂലിയുടെ പരിധിയിൽ വരുന്നതും, ഇത്തരം കാര്യങ്ങൾ പറഞ്ഞ് പൈസ വാങ്ങിയാലോ ആവശ്യപ്പെട്ടാലോ ഭീഷണിപ്പെടുത്തിയാലോ ഉടൻ തന്നെ വിജിലൻസിനെ അറിയിക്കേണ്ടതുമാണ്.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. യോഗേഷ് ഗുപ്ത ഐ.പി.എസ് അഭ്യർത്ഥിച്ചു.